**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2597** **14-09-2023 - ൽ മറുപടിയ്ക്ക്**

**പയ്യന്നൂർ മണ്ഡലത്തിലെ വെള്ളൂർ-പാടിയോട്ടുചാൽ റോഡ് നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ പയ്യന്നൂർ മണ്ഡലത്തിലെ വെള്ളൂർ-പാടിയോട്ടുചാൽ റോഡ് നവീകരണ പ്രവൃത്തിയ്ക്ക് കിഫ്ബി ധനാനുമതി നൽകുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി എന്തെന്ന് വിശദമാക്കാമോ; | (എ) | 01/11/2016-ലെ G.O (Rt) No. 1502/2016/PWD ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയ വെള്ളൂർ - പാടിയോട്ടുചാൽ റോഡ് നവീകരണ പ്രവൃത്തിയിൽ, 0/000 മുതൽ 28/300 വരെയുള്ള ഭാഗം CRF-ലും സംസ്ഥാന ബഡ്ജറ്റിലും ഉൾപ്പെടുത്തി വിവിധ ഘട്ടങ്ങളിലായി 7 മീറ്റർ കാര്യേജ് വേയിൽ BM & BC നിലവാരത്തിൽ വികസിപ്പിച്ചിരുന്നു. പ്രസ്തുത റോഡിന്റെ 0/000 മുതൽ 15/000 വരെയുള്ള ഭാഗം CRF പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിച്ച പ്രവൃത്തിയുടെ ഡിഫക്ട് ലയബിലിറ്റി പീരിയഡിൽ (DLP) ഉൾപ്പെടുത്തിയിരുന്നതിനാൽ കിഫ്ബി ഫണ്ട് വിനിയോഗിച്ച് പുനരുദ്ധരിക്കുന്നതിനുള്ള DPR നിർവ്വഹണ ഏജൻസി കിഫ്ബിക്ക് സമർപ്പിച്ചിരുന്നില്ല. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഡീറ്റൈൽഡ് പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ.) തയ്യാറാക്കുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി എന്തെന്ന് വ്യക്തമാക്കാമോ; | (ബി) | നിലവിൽ ഈ ഭാഗത്തിന്റെ ഡിഫക്ട് ലയബിലിറ്റി പിരിയഡ് (DLP) കഴിഞ്ഞതിനാൽ ടി പദ്ധതി കിഫ്ബി ഫണ്ട് വിനിയോഗിച്ച് പുനരുദ്ധരിക്കുന്നതിന് കിഫ്ബിയുടെ അനുമതിക്ക് വിധേയമായി DPR തയ്യാറാക്കുന്നതാണെന്നാണ് നിർവ്വഹണ ഏജൻസിയായ KRFB അറിയിച്ചിട്ടുള്ളത്. |
| (സി) | പ്രസ്തുത പദ്ധതിയ്ക്ക് കിഫ്ബി ധനാനുമതി അടിയന്തരമായി ലഭ്യമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കാമോ? | (സി) | നിർവ്വഹണ ഏജൻസി DPR കിഫ്ബിയിൽ സമർപ്പിക്കുന്ന മുറയ്ക്ക് ആയത് അവലോകനം നടത്തി കിഫ്ബി മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തി കിഫ്ബി ജനറൽ ബോഡി/എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തിന് സമർപ്പിച്ച് പദ്ധതിയ്ക്ക് ധനാനുമതി നൽകുന്നതിനുള്ള നടപടികൾ കിഫ്ബി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ